# ‘ഭോഗികളുടെ ശരീരം, മഹാവ്യാധികളുടെ കൂടാരം’



**ഡോ. അബ്ദുൽ ഹമീദ് ഖുദാത്**

ഇസ്‌ലാമിക ശരീഅത്തിൽ ഏതൊരു കാര്യം അനുവദിക്കുന്നതും നിഷിദ്ധമാക്കുന്നതും മനുഷ്യന്റെ ശാരീരികവും മാനസികവുമായ സുരക്ഷ കൂടി ഉറപ്പുവരുത്താനാണ്. ‘നിങ്ങൾ വ്യഭിചാരത്തോട് അടുക്കുകപോലും അരുത്. അത് ഏറ്റവും മ്ലേഛവും പിഴച്ച മാർഗവുമാണ്’ (*അൽഫുർഖാൻ* 32) എന്നാണ് ഖുർആന്റെ ഉദ്ബോധനം. ഇന്ന് മനുഷ്യ സമൂഹം എയിഡ്സ് ഉൾപ്പെടെയുള്ള മാരകരോഗങ്ങളുടെ പിടിയിലാണ്. ദൈവിക മാർഗദർശനങ്ങളെ അവഗണിച്ചതിന്റെ അനിവാര്യ അനന്തര ഫലമാണ് ഈ ദുരന്തം. ഇത്തരം സാംക്രമിക രോഗങ്ങളിൽനിന്ന് യുവാക്കളെ രക്ഷിക്കുന്നതിനു വേണ്ടി സദാ പ്രവർത്തനനിരതനാണ് ഡോ. അബ്ദുൽ ഹമീദ് ഖുദാത്. ഇന്റർനാഷ്നൽ ഇസ്‌ലാമിക് മെഡിക്കൽ ഓർഗനൈസേഷന്റെ സാരഥിയായ അദ്ദേഹവുമായി *അൽ മുജ്തമഅ്* വാരിക നടത്തിയ അഭിമുഖമാണ് താഴെ. നമ്മുടെ ഭരണകർത്താക്കളും നീതിപീഠങ്ങളും സ്വവർഗരതിക്കെതിരെയുള്ള വിലക്കുകൾ എടുത്തു കളഞ്ഞ് അതിനെ നിയമവിധേയമാക്കാൻ കൊണ്ടുപിടിച്ച് ശ്രമിക്കുന്ന ഈ സന്ദർഭത്തിൽ വളരെ പ്രസക്തമാണ് ഡോ. അബ്ദുൽ ഹമീദിന്റെ നിരീക്ഷണങ്ങൾ.

**ലൈംഗിക പകർച്ചവ്യാധികൾക്ക് കാരണമെന്താണ്?**

ശാരീരിക ബന്ധത്തിലൂടെ ഒരാളിൽനിന്ന് മറ്റൊരാളിലേക്കു കടക്കുന്ന രോഗാണുക്കൾ ഉണ്ടാക്കുന്നവയാണ് ലൈംഗിക പകർച്ചവ്യാധികൾ. വ്യഭിചാരവും സ്വവർഗരതിയുമാണ് ഇതിന്റെ പ്രധാന കാരണങ്ങൾ. ഭൗതികമായി വളരെയേറെ പുരോഗമിച്ച ഇന്നത്തെ ലോകത്തെ ഇത്തരം രോഗങ്ങൾ കാർന്നു തിന്നുകയാണ്. യുവത്വത്തിന്റെ എല്ലാ സൗകുമാര്യതയും അവ തകർക്കുന്നു. സാമ്പത്തിക, സാമൂഹിക, സാംസ്കാരിക രംഗങ്ങളിലെല്ലാം ഈ രോഗങ്ങൾ വമ്പിച്ച നഷ്ടമാണ് വരുത്തിവെക്കുന്നത്.

**ലൈംഗിക രോഗത്തിന്റെ അണുക്കൾ എവിടെയാണ് കാണപ്പെടുന്നത്?**

വളരെ ദുർബലമായ ബാക്ടീരിയകളാണ് ഈ സാംക്രമിക രോഗത്തിന്റെ അണുക്കൾ. സ്വയമേവ അവക്കു വായുവിലോ മണ്ണിലോ ജീവിക്കാൻ കഴിയില്ല. അതിനാൽ രോഗ ബാധിതരുടെ ശരീരത്തിലാണവ പാർപ്പുറപ്പിക്കുന്നത്. ഭോഗികളുടെ രോഗബാധിത ശരീരങ്ങളാണ് അവയുടെ താവളം. ഈ ബാക്ടീരിയകൾ എവിടെനിന്നു വന്നു എന്ന് ചോദിച്ചാൽ അല്ലാഹുവിന്റെ സൃഷ്ടികളിലൊന്ന്

ന്റ്റുകളുടെ *പ്രോട്ടോക്കോളി*ലും ഇത്തരം പരാമർശങ്ങളുണ്ട്. "നമ്മുടെ മേധാവിത്വം എളുപ്പമാക്കുന്നതിന് എല്ലായിടത്തും ധാർമികതയെ തകർക്കുന്നതിന് നാം മുൻകൈയെടുക്കണം. നമ്മിൽ പെട്ട ആളാണ് ഫ്രോയ്ഡ്. ലൈംഗികതയിൽ വിശുദ്ധമായ ഒന്നും ഇല്ല എന്നാണ് അദ്ദേഹം യുവാക്കളെ പഠിപ്പിച്ചത്. ലൈംഗിക വികാരങ്ങൾ ശമിപ്പിക്കുന്നതിലാകട്ടെ യുവാക്കളുടെ ശ്രദ്ധ. അങ്ങനെ വന്നാൽ അവരുടെ ധാർമികത തകരും."

**ലൈംഗിക രോഗങ്ങളുടെ വ്യാപ്തി?**

ഒരു വർഷം 4 മില്യൻ പേർക്കാണ് എയിഡ്സ് പിടികൂടുന്നത്. അവയവ തളർച്ച ബാധിക്കുന്നവർ 10 മില്യൻ വരും. പ്രാഥമിക പരിശോധനയിൽ രോഗം തിരിച്ചറിഞ്ഞവരുടെ കണക്ക് വർഷാവർഷം 400 മില്യൻ.

**ഈ കണക്കുകൾ ബോധ്യപ്പെടുത്തുന്ന വസ്തുതകൾ?**

ഒന്ന്: പ്രശ്നം ആഗോള വ്യാപകമാണെങ്കിലും ദുരന്തം പടിഞ്ഞാറൻ സമൂഹങ്ങളിലാണ് കൂടുതലായി കാണുന്നത്. ഏതുതരം വ്യക്തിസ്വാതന്ത്ര്യത്തിനും നിയമപരിരക്ഷ നൽകുന്നവരാണവർ. ഇരു കക്ഷികൾക്കും സമ്മതമാണെങ്കിൽ അവർ എന്തു നീചവൃത്തിയും ചെയ്തോട്ടെ എന്ന് വെച്ചിരിക്കുകയാണ്. ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ട് പ്രകാരം ഭൂഗോളത്തിലെ പത്തു ശതമാനം ജനങ്ങൾക്ക് വർഷംപ്രതി ഇത്തരം രോഗങ്ങളിലൊന്ന് പിടിപെടുന്നുണ്ട്.

രണ്ട്: 1989 മുതൽ നിയമനിർമാണത്തിലൂടെ സ്വവർഗ വിവാഹം അനുവദിച്ചിരിക്കുകയാണ് ഡന്മാർക്ക്. മറ്റു രാജ്യങ്ങളും ഈ പാത പിന്തുടരുന്നു. ഏറ്റവുമൊടുവിൽ അമേരിക്കയിലെ കാലിഫോർണിയ സംസ്ഥാനത്താണ് സ്വവർഗ വിവാഹം നിയമവിധേയമാക്കിയത്. ഇത്തരം വിവാഹിതർക്കിടയിലാണ് ഈ മാരകരോഗങ്ങൾ കൂടുതൽ പടരുന്നതെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

മൂന്ന്: 750 മില്യൻ ആളുകൾക്ക് പുതുതായി ഇത്തരം രോഗങ്ങൾ പിടിപെടുന്നു. ഇതിൽ പലരും മരിച്ചൊടുങ്ങുന്നു. യഥാസമയം ചികിത്സ കിട്ടുന്നതുകൊണ്ട് രോഗം ഭേദപ്പെടുന്നവരുമുണ്ട്. വർഷങ്ങൾ രോഗത്തെ കൂടെക്കൊണ്ടുനടന്ന് ലൈംഗികാവയവങ്ങൾക്ക് ക്ഷതമേറ്റ് ജീവിതം തകർന്നവരാണ് മറ്റൊരു വിഭാഗം. പുറമെനിന്ന് നോക്കുന്നവർക്ക് ഇവരുടെ ബാഹ്യശരീരത്തിൽ പോറലൊന്നും കാണാനാവില്ല. പക്ഷേ തന്റെ ജീവിതം തകർന്നിരിക്കുന്നുവെന്ന് അയാൾക്കും ഡോക്ടർക്കും അറിയാം.

നാല്: യുവാക്കളിൽ ഇളം പ്രായത്തിലുള്ളവരാണ് ഈ രോഗം ബാധിക്കുന്നവരിൽ ഭൂരിപക്ഷവും. അഥവാ 15നും 25നും ഇടയിൽ പ്രായമുള്ളവർ. 2000 ജൂണിൽ പമേല ബെക് നടത്തിയ പഠനത്തിൽ പടിഞ്ഞാറൻ നാടുകളിൽ 70 ശതമാനം വിദ്യാർഥികളും പഠനം പൂർത്തിയാക്കും മുമ്പ് ലൈംഗിക വൃത്തിയിൽ ഏർപ്പെടുന്നവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ 12 ശതമാനത്തെ ഈ രോഗങ്ങളിൽ ഏതെങ്കിലുമൊന്ന് കീഴ്പ്പെടുത്തുന്നു. രോഗം പിടിപെട്ട 20 ശതമാനം യുവതികൾക്ക് ആ വിവരം

**ധാർമിക മൂല്യങ്ങൾ മനുഷ്യൻ കൈവിട്ടുവെന്നതല്ലാത്ത മറ്റൊരു കാരണവും രോഗത്തിന്റെ ഉറവിടമായി ഒരു ചരിത്രകാരനും രേഖപ്പെടുത്തിയിട്ടില്ല. ലൈംഗികതയെക്കുറിച്ച സമൂഹത്തിന്റെ വീക്ഷണം മാറുന്നതാണ് പ്രശ്നം. ധാർമികതയെയും ലൈംഗികതയെയും വേർപെടുത്താനേ പാടുണ്ടായിരുന്നില്ല. എന്നാൽ ലൈംഗികതയെ ധാർമികതയിൽനിന്ന് വേർപെടുത്തിയേ അടങ്ങൂ എന്നായിരുന്നു ഫ്രോയ്ഡിന്റെ ശാഠ്യം.**

എന്നേ പറയാൻ കഴിയൂ. എന്നല്ല അവന്റെ സൈന്യങ്ങളിലൊന്നുമാണത്. 'നിന്റെ നാഥന്റെ സൈന്യങ്ങളെ പറ്റി അവനു മാത്രമേ അറിയുകയുള്ളൂ' (*അൽ മുദ്ദസ്സിർ* 31). വെള്ളം, വായു, ഭക്ഷണം എന്നിവയിലൂടെ ഈ അണുക്കൾ പരക്കുകയില്ലെന്നത് ദൈവിക കാരുണ്യമാണ്. അതിനാൽ നേരെ ചൊവ്വെ ജീവിക്കുന്നവരിലേക്ക് നുഴഞ്ഞുകയറാൻ അവക്ക് സാധ്യമല്ല. ഇവ മൃഗങ്ങളിലേക്കു കയറിവരികയോ അവക്ക് ഇതുപോലുള്ള രോഗങ്ങളുണ്ടാക്കുകയോ ചെയ്യുകയുമില്ല. ഇതും ദൈവിക നീതിയത്രെ. സാക്ഷാൽ വിശേഷ ബുദ്ധി നൽകി ദൈവം ആദരിച്ച മനുഷ്യനു നേരെയാണവയുടെ ആക്രമണം. സ്വേഛകളെ പിൻപറ്റി ജീവിക്കുകയും ദൈവത്തെ ധിക്കരിക്കുകയും ചെയ്യുന്ന വരെ ആക്രമിച്ച് കീഴ്പ്പെടുത്താൻ പതിസ്ഥാനത്ത് ഒളിച്ചിരിക്കുകയാണ് ഈ രോഗാണുക്കൾ. 'അല്ലാഹു ഭൗതിക ജീവിതത്തിൽ നിന്ദ്യതയുടെ രുചി അവരെ ആസ്വദിപ്പിച്ചു. പരലോക ശിക്ഷയാകട്ടെ ഇതിനേക്കാൾ കടുത്തതുമാണ്. അവർ മനസ്സിലാക്കിയിരുന്നെങ്കിൽ' (*അസ്സുമർ* 26).

**മനുഷ്യരെ എങ്ങനെയാണ് അവ ആക്രമിക്കുന്നത്?**

രോഗാണുക്കൾ കീഴ്പ്പെടുത്തി ക്കഴിഞ്ഞ ഭൂരിഭാഗം പേരിലും അതിന്റെ പ്രത്യക്ഷ ലക്ഷണങ്ങളൊന്നും കാണില്ല; പ്രത്യേകിച്ചും സ്ത്രീകളിൽ. ഇത്തരക്കാർ മറ്റുള്ളവരുമായി വ്യഭിചാരത്തിലോ സ്വവർഗരതിയിലോ ഏർപ്പെട്ടാൽ ആ അണുക്കൾ പുതിയ ഇരയിലേക്ക് വ്യാപിക്കും. തൊലികൾ പരസ്പരം സ്പർശിക്കുന്നതിലൂടെയാവാം ഇത്. അല്ലെങ്കിൽ ശുക്ലംപോലെ ദ്രാവക രൂപത്തിൽ ഒഴുകുന്ന നീരിൽ നിന്നോ ചലത്തിൽനിന്നോ ആകാം. ഇങ്ങനെയാണ് രോഗബാധിതർ പെരുകി വരുന്നത്. സ്വയം തെരഞ്ഞെടുത്ത രോഗമെന്നാണ് വിദഗ്ധർ ഇതിനെ വിശേഷിപ്പിക്കുന്നത്. മാറി നിൽക്കാൻ ദൈവം ബുദ്ധിശക്തി തന്നിട്ടും അതിൽ ചെന്നുചാടുകയാണ് മനുഷ്യൻ. അസുഖം പെട്ടെന്നോ അതല്ലെങ്കിൽ ക്രമേണയോ ആവും ഇരകളെ പിടികൂടുന്നത്.

**വിവിധ സമൂഹങ്ങളിൽ ലൈംഗിക രോഗങ്ങൾ വ്യാപിക്കുവാൻ ഇടയാക്കുന്ന ജീവിതശൈലികൾ ഏതെല്ലാമാണ്?**

ധാർമിക മൂല്യങ്ങൾ മനുഷ്യൻ കൈവിട്ടുവെന്നതല്ലാത്ത മറ്റൊരു കാരണവും രോഗത്തിന്റെ ഉറവിടമായി ഒരു ചരിത്രകാരനും രേഖപ്പെടുത്തിയിട്ടില്ല. ഭൗതികതക്ക് പിറകെയുള്ള പരക്കംപാച്ചിലിലാണ് മനുഷ്യൻ. ലൈംഗികതയെക്കുറിച്ച സമൂഹത്തിന്റെ വീക്ഷണം മാറുന്നതാണ് പ്രശ്നം. ധാർമികതയെയും ലൈംഗികതയെയും വേർപെടുത്താനേ പാടുണ്ടായിരുന്നില്ല. എന്നാൽ ലൈംഗികതയെ ധാർമികതയിൽനിന്ന് വേർപെടുത്തിയേ അടങ്ങൂ എന്നായിരുന്നു ഫ്രോയ്ഡിന്റെ ശാഠ്യം. "ലൈംഗിക തൃഷ്ണ ശമിപ്പിക്കാതെ മനുഷ്യന് അവന്റെ സ്വത്വം സാക്ഷാത്കരിക്കാനാവില്ല. മതവും സംസ്കാരവുമൊക്കെ പടുത്തുയർത്തുന്ന വിലക്കുകൾ അർഥശൂന്യമാണ്; അവ മനുഷ്യശക്തിയെ തകർക്കും. ലൈംഗികത ഇങ്ങനെ അമർത്തപ്പെടുന്നത് നിയമവിരുദ്ധമാണ്" - ഫ്രോയിഡ് പറഞ്ഞു. സിയോണി

തന്നെ തിരിച്ചറിയാനും സാധിച്ചിരുന്നില്ല.

അഞ്ച്: 150 ബില്യൻ ഡോളറാണ് വർഷം പ്രതി ഇതിനെതിരെ ലോകാരോഗ്യ സംഘടന ചെലവിടുന്നത്. ലോകത്തുനിന്ന് പട്ടിണിയും നിരക്ഷരതയും തുടച്ചുനീക്കാൻ ഈ തുക മതിയാവും!

ആറ്: തുടക്കത്തിൽ മുഖ്യമായും അഞ്ച് ലൈംഗിക രോഗങ്ങളാണുണ്ടായിരുന്നത്. ഇപ്പോഴത് 48 ഇനമായി വർധിച്ചിട്ടുണ്ട്. പ്രകൃതി വിരുദ്ധ ലൈംഗിക രീതികളുടെ ആധിക്യമാണ് പുതിയ രോഗങ്ങളുടെ പെരുപ്പത്തിന് കാരണം.

**താങ്കളുടെ ബോധവത്കരണ യത്നങ്ങൾക്ക് ലോകാരോഗ്യ സംഘടനയുടെ സഹായം ലഭിക്കുന്നുണ്ടോ?**

ലോകാരോഗ്യ സംഘടനയുടെ ധനസഹായമൊന്നും ലഭിക്കുന്നില്ല. രോഗപ്രതിരോധത്തിന് അവർ മുന്നോട്ടു വെക്കുന്ന പല മാർഗങ്ങളും നമുക്ക് സ്വീകാര്യമല്ല എന്നതാണ് കാരണം. ഇസ്‌ലാമികമായി തള്ളപ്പെടേണ്ടതാണ് അതിൽ പല പരിഹാരമാർഗങ്ങളും. വ്യഭിചാരത്തിനും സ്വവർഗരതിക്കും വേണ്ടി കോണ്ടം ഉപയോഗിക്കുക പോലുള്ള നിർദേശം ഉദാഹരണം. നീചവൃത്തി നടത്താമെന്നും രോഗം വരുന്നതു ശ്രദ്ധിച്ചാൽ മതി എന്നുമാണ് ധ്വനി. ഈ വൃത്തികേടുകൾ ചെയ്യുന്നവർക്ക് സമൂഹത്തിൽ കൂടിക്കലർന്ന് ജീവിക്കാനുള്ള അംഗീകാരവും അതിലൂടെ ഉണ്ടാവുന്നുണ്ട്. പടിഞ്ഞാറൻ വീക്ഷണങ്ങളാണ് രോഗപ്രതിരോധത്തിന് ഇവർ സമർപ്പിക്കുന്നത്. എന്നാൽ ഇസ്‌ലാമിക മൂല്യങ്ങളുടെ അടിത്തറയിൽ നിന്നുകൊണ്ടുള്ള നിരവധി പഠനങ്ങൾ നടത്തപ്പെട്ടിട്ടുണ്ട്. അൽ അസ്ഹർ യൂനിവേഴ്സിറ്റിയുടെ എയിഡ്സ് നിർമാർജനത്തിനുള്ള ഗ്രന്ഥം ഉദാഹരണം. കോടിക്കണക്കിന് ഡോളറുകൾ ഈ ആവശ്യാർഥം ചെലവഴിക്കുന്ന ലോകാരോഗ്യ സംഘടന, ഇസ്‌ലാമിക മൂല്യങ്ങളെ രോഗനിർമാർജനത്തിന് ബദലായി അവതരിപ്പിച്ചിരുന്നെങ്കിൽ അത് സമൂഹത്തിന് ഏറെ ഉപകാരപ്രദമായേനെ.

**വിവ: റഫീഖുർറഹ്മാൻ മൂഴിക്കൽ**